(ബി) നെല്ല് വിറ്റഴിക്കാൻ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നെല്ല് സംഭരണം നടത്തുന്ന സഹകരണസംഘങ്ങൾക്ക് സർക്കാർ നൽകേണ്ട ഹാന്റിലിംഗ് ചാർജ് ഈ വർഷം നെല്ല് സംഭരിച്ച തൃശ്ശൂർ ജില്ലയിലെ സഹകരണ സംഘങ്ങൾക്ക് നൽകാൻ ഇനിയും ബാക്കിയുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) സഹകരണസംഘങ്ങളും പാടശേഖര സമിതികളും മുഖേന 31227.811 ടൺ നെല്ല് സംഭരിച്ചു.

(ബി) കർഷകരിൽ നിന്നും സഹകരണസംഘങ്ങൾ, പാടശേഖരസമിതികൾ എന്നിവ സംഭരിച്ച നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വാങ്ങി അരിയാക്കി റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന പദ്ധതിക്ക് ഭക്ഷ്യവകുപ്പ് അനുമതി നൽകുകയും അതിൻപ്രകാരം സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ല് സംഭരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) 2004-05 വിരിപ്പ് സീസണിൽ സംഭരിച്ച നെല്ലിന്റെ കൈകാര്യച്ചെലവ് ഇതിനകം നൽകിയിട്ടുണ്ട്. മുണ്ടകൻ, പുഞ്ച സീസണിൽ സംഭരിച്ച് നെല്ലിന്റെ കൈകാര്യച്ചെലവ് നൽകിയിട്ടില്ല. സഹകരണസംഘങ്ങൾക്കും പാടശേഖരസമിതികൾക്കും കൂടി ഈ ഇനത്തിൽ തൃശ്ശൂരിൽ രണ്ടുകോടി അറുപത് ലക്ഷം രൂപ നൽകാനുണ്ട്. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ഇതും കൊടുത്തു തീർക്കുന്നതാണ്.

സംഭരിച്ച നെല്ലിനുണ്ടായ നഷ്ടം

322 [1252] *ശ്രീ. കെ. എ. ചന്ദ്രൻ:*
„ *വർക്കല കഹാർ:*
„ *എം. മുരളി:*
„ *ജോർജ് ജെ. മാത്യു:*
„ *പ്രയാർ ഗോപാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് ഈ വർഷം സംഭരിച്ച നെല്ല് എവിടെയെല്ലാമാണ് സൂക്ഷിച്ചത്;

(ബി) വേനൽ മഴയിൽ ഈ നെല്ലിന് നാശനഷ്ടം ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്തു നഷ്ടമുണ്ടായി എന്നു പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ വർഷം സംഭരിച്ച നെല്ല് സഹകരണ സംഘങ്ങളുടെ സ്വന്തം ഗോഡൗണുകളിലും, വാടകയ്ക്കെടുത്ത കെട്ടിടങ്ങളിലും, താൽക്കാലിക ഗോഡൗണുകളിലും ആണ് സൂക്ഷിച്ചത്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

വെള്ളാങ്ങല്ലൂർ പഞ്ചായത്തിലെ വിവിധ പ്രവൃത്തികളുടെ നിർവ്വഹണത്തിന് നടപടി

323 [1254] *ശ്രീ. ടി. യു. രാധാകൃഷ്ണൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള നിയോജകമണ്ഡലത്തിൽ വെള്ളാങ്ങല്ലൂർ പഞ്ചായത്തിലെ പൂകുളം പാടം-കണ്ണോലിച്ചിറ ഔണ്ടച്ചാൽ തോട് വീതികൂട്ടി, ബണ്ട്കെട്ടി കർഷകരെ സംരക്ഷിക്കുന്നതിന് ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ മണ്ണ് സംരക്ഷണ വകുപ്പിന് സമർപ്പിച്ച അപേക്ഷയിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് പറയാമോ;

(ബി) മണ്ണുസംരക്ഷണ വകുപ്പ്, കൃഷി ഓഫീസോ, കർഷകസംഘമോ, നാട്ടുകാരോ ആയി ബന്ധപ്പെടാത്ത ഒരു അന്വേഷണം ഇക്കാര്യത്തിൽ നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രോജക്ട് തയ്യാറാക്കി സമർപ്പിക്കുവാൻ നിർദ്ദേശം നൽകാമോ?

ഉത്തരം

(എ) & (ബി) അപേക്ഷയുടെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ സ്ഥലം സന്ദർശിച്ച് പ്രസ്തുത ആവശ്യം പരിശോധിച്ച് മണ്ണ് സംരക്ഷണ വിഭാഗം നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികളിൽ ഒന്നും പ്രസ്തുത പ്രവൃത്തി ഏറ്റെടുത്തു നടപ്പിലാക്കാൻ സാദ്ധ്യമല്ലാത്തതിനാൽ പഞ്ചായത്ത് പദ്ധതികളിൽ ഉൾപ്പെടുത്തി പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ തൃശ്ശൂർ ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർക്ക് കൃഷി ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഒരു അന്വേഷണം നടന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly